പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 7593 | 17.07.2012 ൽ മറുപടിയ്ക്ക്

**ശിശുക്ഷേമ സംഘങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീമതി ഗീതാ ഗോപി<br>,, ഇ. എസ്. ബിജിമോൾ<br>ശ്രീ. മുല്ലക്കര രത്നാകരൻ | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | **സംസ്ഥാനത്ത് അനാഥകുട്ടികളേയും മറ്റും സംരക്ഷിക്കുന്ന എത്ര ശിശുക്ഷേമ സംഘങ്ങളുണ്ട്; ഇതിൽ സ്വകാര്യ മേഖലയിൽ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;** | (എ) | സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരത്തോടെ കുട്ടികൾക്കുവേണ്ടി പ്രവർത്തിക്കുന്ന 1046 സ്ഥാപനങ്ങൾ ആണ് ഉള്ളത്. ഈ സ്ഥാപനങ്ങൾ എല്ലാം സ്വകാര്യ സ്ഥാപനങ്ങളാണ്. |
| (ബി) | **പ്രസ്തുത ശിശുക്ഷേമ സംഘങ്ങൾക്ക് സർക്കാർ തലത്തിൽ സഹായങ്ങൾ നൽകുന്നുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;** | (ബി) | അംഗീകൃത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കായി താഴെപ്പറയുന്ന സഹായങ്ങൾ നൽകി വരുന്നു.<br>i. ഒരു അന്തേവാസിക്ക് പ്രതിമാസം 250- രൂപ വീതം ഗ്രാന്റ്<br>ii. ഒരു അന്തേവാസിയ്ക്ക് ഒരു രൂപ നിരക്കിൽ പ്രതിമാസം 7 **കിലോ അരി**<br>iii. സ്ഥാപനങ്ങൾക്ക് ഗാർഹിക നിരക്കിൽ പാചക വാതകം<br>iv.സ്ഥാപനങ്ങൾക്ക് കൺസഷൻ റേറ്റിൽ ഇലക്ട്രിസിറ്റി കണക്ഷൻ<br>v.സ്ഥാപനങ്ങൾക്ക് ബിൽഡിംഗ് ടാക്സ് എക്സംപ്ഷൻ<br>vi.സ്ഥാപനങ്ങൾക്ക് boarding charge ഇനത്തിൽ 1500/- രൂപ വരെ പ്രതിമാസം ചെലവഴിക്കാൻ അനുമതി<br>vii. സ്ഥാപനങ്ങളുടെ വാഹനങ്ങൾക്കുള്ള കൺസഷൻ നിരക്കിലുള്ള ടാക്സ്<br>viii.സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസ ധനസഹായ പദ്ധതി<br>ix. സ്ഥാപനങ്ങളിലെ കുട്ടികളുടെ ഫീസിന്റെ റീ ഇംബേഴ്സ്മെന്റ് പദ്ധതി<br>x. സ്ഥാപനങ്ങളിലെ കുട്ടികൾക്ക് ഡിപ്ലോമ കോഴ്സ് ഇൻ ഫാർമസി, ഐ.റ്റി.ഐ., പോളിടെക്നിക്, ജനറൽ നഴ്സിംഗ് എന്നിവയിലെ സീറ്റ് സംവരണം |

| | | | |
|---|---|---|---|
| | | | xi.സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് employment exchange നിയമനത്തിനുള്ള മുൻഗണനയും നിയമനത്തിന് 10 വർഷത്തേയ്ക്കുള്ള age relaxation നും<br>xii. അന്തേവാസികളായ കുട്ടികൾക്ക് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ വില ഒഴിവാക്കൽ<br>xiii. ജില്ലാ സംസ്ഥാനതല കലാകായിക മേളയ്ക്കുള്ള ധന സഹായം<br>xiv. സ്ഥാപനങ്ങളിൽ മാസത്തിലൊരിക്കൽ ഹെൽത്ത് ചെക്കപ്പ്<br>xv. അന്തേവാസികൾക്ക് ഓർഫൻ/ നോൺ ഓർഫൻ സർട്ടിഫിക്കറ്റ് |
| (സി) | **ശിശുക്ഷേമ സംഘങ്ങളിലെല്ലാം കൂടി ആകെ എത്രകുട്ടികളുണ്ട്; ഈ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാ ക്കുമോ ?** | (സി) | ടി സ്ഥാപനങ്ങളിലായി 38791 കുട്ടികൾ ഉണ്ട്<br>1. ഓർഫനേജുകളിലെ അന്തേവാസികൾക്ക് ഒരാൾക്ക് 7 കിലോ അരി കൂടാതെ 3 കിലോ ഗോതമ്പ് ബി.പി.എൽ നിരക്കിൽ പഞ്ചസാര എന്നിവ നൽകുക. അരി, പഞ്ചസാര, ഗോതമ്പ് എന്നിവ ഉൾപ്പെടെ നൽകുന്ന കാര്യത്തിൽ അന്തേവാസികളെ ബി.പി. എൽ. വിഭാഗമായി പരിഗണിക്കുക.<br>2. അനാഥാലയങ്ങൾക്ക് ഗാർഹിക നിരക്കിൽ വെള്ളം നൽകുക, അന്തേവാസികൾക്ക് ആരോഗ്യ പരിശോധന എല്ലാ മാസവും നിർബന്ധമാക്കുക, ഡസ്റ്റിറ്റ്യൂഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കുക<br>3. പ്ലസ് വൺ പ്രവേശനത്തിൽ അനാഥാലയങ്ങളിലെ കുട്ടികളെ പ്രത്യേകം പരിഗണിക്കുക, ഓർഫനേജ് കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് പ്രത്യകം പരിഗണന നൽകുക<br>4. ജില്ലാ തലത്തിൽ ഓർഫനേജ് പ്രവർത്തനം ശക്തമാക്കുന്നതിന് ജില്ലാതല കോ ഓർഡിനേറ്റർമാരേയും കൗൺസിലർമാരേയും ഹോണറേറിയം വ്യവസ്ഥയിൽ നിയമിക്കുക, ഓർഫനേജ് ജീവനക്കാർക്ക് പരിശീലനം നൽകുക.<br>5. LSGD fund, MLA fund മുതലായവ അനാഥാലയങ്ങൾക്ക് കൂടി ഉപയോഗിക്കുന്നതിനായി നിർദ്ദേശം നൽകുക എന്നിവയാണ് |

R. [signature]

സെക്ഷൻ ഓഫീസർ